തിരുവനന്തപുരം പേട്ടയിലെ വസതിയിൽ പൊതുദർശനത്തിന് വച്ച കേരളകൗമുദി ചീഫ് എഡിറ്റർ എം. എസ്. രവിയുടെ ഭൗതിക ശരീരത്തിൽ മുകേഷ് എം.എൽ.എയും കെ.പി. മോഹനനും അന്തിമോപചാരമർപ്പിക്കുന്നു

ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ അന്തിമോപചാരമർപ്പിക്കുന്നു. ജില്ലാ പ്രസിഡന്റ് എസ്. സുരേഷ്, ബി. ഡി. ജെ. എസ് ജില്ലാ പ്രസിഡന്റ് ചൂഴാൽ നിർമ്മലൻ എന്നിവർ സമീപം

വി. എം. സുധീരൻ അന്തിമോപചാരമർപ്പിക്കുന്നു

മാന്യതയുടെ മുഖം : പന്ന്യൻ

തിരുവനന്തപുരം: മാന്യതയുടെ യഥാർത്ഥ മുഖമായിരുന്നു കേരളകൗമുദി ചീഫ് എഡിറ്റർ എം.എസ്. രവിയുടേത്. കേരളകൗമുദിയുടെ കേരള നവോത്ഥാന പാരമ്പര്യം ഒട്ടും ചോർന്നുപോകാതെ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുകയായിരുന്നു രവി.

കേരളകൗമുദി രംഗപ്രവേശം ചെയ്ത കാലത്തിലെ അതേ സാമൂഹ്യ പ്രതിബദ്ധത മുറുകെപ്പിടിക്കാൻ കേരളകൗമുദിക്കും എം.എസ്. രവിക്കും കഴിഞ്ഞു.

കേരളകൗമുദിയുടെ സന്ദേശം തന്നെ സാമൂഹ്യസമത്വത്തിന്റെയും നവോത്ഥാനത്തിന്റേതുമാണ്. സാധാരണക്കാരനും മർദ്ദിതനും സാമൂഹ്യനീതിക്കായി കേരളകൗമുദി നിർഭയം പോരാടി. ഇടതുപക്ഷത്തോടും കമ്യൂണിസ്റ്റ് പാർട്ടികളോടും കേരളകൗമുദിക്കൊരു മമതയുണ്ട്. എന്നാൽ പാർട്ടി ഭരണത്തിലിരിക്കുമ്പോൾ പോലും തെറ്റുകളും വീഴ്ചകളും വന്നാൽ അതിനെ നിശിതമായി വിമർശിക്കാനും തിരുത്തിക്കാനും കേരളകൗമുദി ഒരു മടിയും കാണിച്ചിരുന്നില്ല. തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ പ്രത്യേക ആർജവം കൗമുദി കാണിച്ചു. സാമൂഹ്യ പ്രശ്നങ്ങൾക്ക് വേണ്ടിയും മതനിരപേക്ഷത ഉയർത്തിപ്പിടിക്കാനുമായി കേരളകൗമുദി എന്നും മുന്നിലുണ്ട്. ഈ പോരാട്ടത്തിലൊക്കെ ഒരു കുടുംബനാഥനെപ്പോലെ കൗമുദിക്ക് എം.എസ്. രവി നേതൃത്വം നൽകി. ആരോടും അദ്ദേഹം വിദ്വേഷം വച്ചുപുലർത്തിയിരുന്നില്ല. സൗമ്യമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. എന്നാൽ പറയേണ്ട കാര്യങ്ങൾ ആർക്കും മുഷിപ്പില്ലാത്ത വിധത്തിൽ വെട്ടിത്തുറന്നു പറഞ്ഞിരുന്നു. പക്വത, ലാളിത്യം, വിവേകം എന്നിവയുടെയെല്ലാം പ്രതീകമായിരുന്നു അദ്ദേഹം.

തിരുവനന്തപുരത്ത് ലോക് സഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ച സമയത്ത് അദ്ദേഹവുമായി കൂടുതൽ ഇടപെടാൻ കഴിഞ്ഞിരുന്നു. ഒരു പൊതുപ്രവർത്തകനെന്ന നിലയ്ക്ക് ഒരുപാട് ഉപദേശങ്ങൾ അദ്ദേഹത്തിൽ നിന്ന് എനിക്ക് ലഭിച്ചിരുന്നു.

ബിഷപ് ഡോ. സാമുവൽ മാർ ഐറേനിയോസ് അന്തിമോപചാരമർപ്പിക്കുന്നു. കേരളകൗമുദി എഡിറ്റർ ദീപു രവി, പി. പി. ജയിംസ്, കൗമുദി ടി. വി ബ്രോഡ്കാസ്റ്റിംഗ് ഹെഡ് എ.സി.റെജി, യൂണിറ്റ് ചീഫ് കെ. അജിത്കുമാർ എന്നിവർ സമീപം

എം.എസ്. രവിക്ക് ആയിരങ്ങളുടെ അന്ത്യാഞ്ജലി

തിരുവനന്തപുരം: ജീവിതത്തിന്റെ വിവിധമേഖലയിലുള്ളവർ കേരളകൗമുദി ചീഫ് എഡിറ്റർ എം.എസ് രവിക്ക് അന്തിമോപചാരമർപ്പിച്ചു.

മന്ത്രിമാരായ ജി.സുധാകരൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ഡെപ്യൂട്ടി സ്പീക്കർ വി.ശശി, മുൻസ്പീക്കർ വക്കം പുരുഷോത്തമൻ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ, എം.എൽ.എമാരായ ഒ.രാജഗോപാൽ, സി.ദിവാകരൻ, വി.എസ്. ശിവകുമാർ, എം. വിൻസെന്റ്, മുകേഷ്, ബി.സത്യൻ, ശബരീനാഥ്, പന്ന്യൻ രവീന്ദ്രൻ, ജി.ആർ. അനിൽ, ദിവ്യ എസ്. അയ്യർ, മേയർ വി.കെ.പ്രശാന്ത്, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, നഗരസഭ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.ശ്രീകുമാർ, ശിശുക്ഷേമസമിതി സെക്രട്ടറി എസ്.പി.ദീപക്, നിയമസഭാ സെക്രട്ടറി വി.കെ. ബാബുപ്രകാശ്, ബി.ജെ. പി വക്താക്കളായ എം. എസ്.കുമാർ, ജെ.ആർ. പദ്മകുമാർ, ജില്ലാ പ്രസിഡന്റ് എസ്. സുരേഷ്, കെ.രാജശേഖരൻ, ജന്മഭൂമി മാനേജർ കെ.പ്രസാദ് ബാബു, ആർ. എസ്. എസ് നേതാക്കളായ എം. ജയകുമാർ, എം. രാജശേഖരൻ, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, ടിഡ ചെയർമാൻ സി.ജയൻ ബാബു, പത്തനംതിട്ട ബിഷപ് സാമുവൽ മാർ ഐറേനിയോസ്, മനുഷ്യാവകാശ കമ്മിഷൻ അംഗം കെ.മോഹൻകുമാർ, പാളയം ഇമാം ഷുഹൈബ് മൗലവി, മുൻ ഡി.ജി.പി ടി.പി. സെൻകുമാർ, മുൻ മന്ത്രി ബാബു ദിവാകരൻ, കിരീടം ഉണ്ണി, ഇ.എം. നജീബ്, ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം സെക്രട്ടറി ശുഭാംഗാനന്ദ, ശ്രീനാരായണ അന്തർദ്ദേശീയ പഠനകേന്ദ്രം ഡയറക്ടർ എം.ആർ. യശോധരൻ, രാജധാനി ഗ്രൂപ്പ് ഒഫ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.ബിജു രമേശ്, കിളിമാനൂർ ചന്ദ്രബാബു, ഡോ. പല്പു സ്മാരക എസ്.എൻ.ഡി.പി യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജ്, കൺവീനർ അനീഷ് ദേവൻ, പത്രാധിപർ സുകുമാരൻ സ്മാരക യൂണിയൻ കൺവീനർ ആലുവിള അജിത്, ന്യൂ രാജസ്ഥാൻ മാർബിൾസ് എം. ഡി സി.വിഷ്ണുഭക്തൻ, കർഷക കോൺഗ്രസ് മുൻ ജില്ലാ സെക്രട്ടറി കെ.എസ്. അനിൽ, ശ്രീനാരായണ അക്കാഡമി വൈസ് പ്രസിഡന്റ് പന്നിയോട് രവീന്ദ്രൻ, ജനറൽ സെക്രട്ടറി എസ്.സുവർണകുമാർ, സെക്രട്ടറി പി.ജി. ശിവബാബു, കെ.വി.സുകേശ്ബാബു, നഗരസഭാ കൗൺസിലർമാരായ ഡി.അനിൽകുമാർ, പാളയം രാജൻ, ആർ. സതീഷ് കുമാർ, പ്രതിഭാ ജയകുമാർ, സ്റ്റെഫി ജോർജ്, മുസ്ലിംലീഗ് നേതാവ് ചാന്നാങ്കര എം. പി കുഞ്ഞ്, എസ്. ആർ.പി.(എസ്) ചെയർമാൻ എ. എൻ. പ്രേംലാൽ, കേരള കോൺഗ്രസ് (സ്കറിയാ തോമസ്) ജില്ലാ പ്രസിഡന്റ് തമ്പാനൂർ രാജീവ് എന്നിവർ വസതിയിലെത്തി അന്തിമോപചാരമർപ്പിച്ചു.

മുൻ കേന്ദ്രമന്ത്രി എ.കെ.ആന്റണിക്ക് വേണ്ടി ഡി.സി. സി പ്രസിഡന്റ് നെയ്യാറ്റിൻകര സനലും മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം. പി. വീരേന്ദ്രകുമാർ എം.പിക്ക് വേണ്ടിയും മാനേജിംഗ് എഡിറ്റർ പി. വി. ചന്ദ്രനവേണ്ടിയും ബ്യൂറോ ചീഫ് ആർ.ഹരികുമാറും സി.പി.എം ജില്ലാ കമ്മിറ്റിക്ക് വേണ്ടി ടിഡ ചെയർമാൻ സി. ജയൻബാബുവും റീത്ത് സമർപ്പിച്ചു.

ടൈംസ് ഒഫ് ഇന്ത്യ കേരള എഡിറ്റർ മനോജ് ദാസ്, മാദ്ധ്യമം ഡെപ്യൂട്ടി എഡിറ്റർ വയലാർ ഗോപകുമാർ, മംഗളം സി.ഇ.ഒ ആർ. അജിത് കുമാർ, ദീപിക പത്രാധിപർ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ബ്യൂറോ ചീഫ് സാബു, ജയ് ഹിന്ദ് ടി.വി ചീഫ് എഡിറ്റർ കെ.പി.മോഹനൻ, ജനയുഗം എഡിറ്റർ രാജാജി മാത്യു തോമസ്, മാനേജർ ജോസ് പ്രകാശ്, ദേശാഭിമാനി ന്യൂസ് എഡിറ്റർ വേണുഗോപാൽ ഉണ്ണിത്താൻ, യൂണിറ്റ് മാനേജർ ഐ. സെയിഫുദ്ദിൻ, ജോർജ്ജ് ഓണക്കൂർ, കൈരളി ന്യൂസ് ഡയറക്ടർ എൻ. പി.ചന്ദ്രശേഖരൻ, പൊതുവിദ്യാഭ്യാസ സെക്രട്ടറി എ.ഷാജഹാൻ, ഐ.എൻ.ടി.യു.സി നേതാവ് ജി.സുബോധൻ, പാലോട് രവി തുടങ്ങിയവർ അന്തിമോപചാരമർപ്പിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി സി. ജയചന്ദ്രൻ, കാവല്ലൂർ മധു, എം. ശ്രീകണ്ഠൻ, എയർപോർട്ട് ഡയറക്ടർ ജോർജ് ജി. തരകൻ,, ഗോകുലം ഗ്രൂപ്പ്, പേട്ട താഴശ്ശേരി വിശ്വകർമ്മ യുവജനസംഘത്തിന് വേണ്ടി എൻ. സ്വാമിനാഥൻ, എസ് .പ്രേംചന്ദ്, ജയചന്ദ്രൻ പാലുവള്ളി എന്നിവരും റീത്ത് സമർപ്പിച്ചു.

കേരളകൗമുദി ചീഫ് എഡിറ്റർ എം. എസ്. രവിയുടെ ഭൗതിക ശരീരത്തിൽ ഭാര്യ ശൈലജ അന്തിമോപചാരമർപ്പിക്കുന്നു. മക്കളായ ദീപു രവിയും ദർശൻ രവിയും സമീപം

പാലോട് രവി അന്തിമോപചാരമർപ്പിക്കുന്നു

കേരളകൗമുദി ചീഫ് എഡിറ്റർ എം. എസ്. രവിയുടെ ഭൗതിക ശരീരത്തിൽ കേരളകൗമുദി നോൺ ജേർണലിസ്റ്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ. എസ്. സാബു, വൈസ് പ്രസിഡന്റ് ഉദയകുമാർ, കേരളകൗമുദി എംപ്ലോയീസ് വെൽഫെയർ ഫോറം പ്രസിഡന്റ് എം. എം. സുബൈർ, സെക്രട്ടറി വിജയകുമാരൻ നായർ എന്നിവർ അന്തിമോപചാരമർപ്പിക്കുന്നു. അസോസിയേറ്റ് എഡിറ്റർ എസ്. എസ്. സതീഷ്, ന്യൂസ് എഡിറ്റർ വി. എസ്. രാജേഷ്, കോർപറേറ്റ് മാനേജർ എ. സുധീർകുമാർ, യൂണിറ്റ് ചീഫ് കെ. അജിത്കുമാർ എന്നിവർ സമീപം

സംസ്ഥാന മുൻ പൊലീസ് മേധാവി ടി. പി. സെൻകുമാർ അന്തിമോപചാരമർപ്പിക്കുന്നു

ശാസ്ത്രത്തെ സ്നേഹിച്ച പത്രാധിപർ

പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: വിക്രം സാരാഭായ് സ്പെയ്സ് സെന്റർ സന്ദർശിക്കാൻ താത്പര്യം പ്രകടിപ്പിച്ച എം.എസ്.രവിയെന്ന ശാസ്ത്രകുതുകിയായ പത്രാധിപർ വേറിട്ട ഒരോർമ്മയാണ്.

കഴിഞ്ഞ വർഷത്തെ ഐ.എസ്.ആർ.ഒയുടെ ബഹിരാകാശ വാരാചരണ കാലം. രവിസാർ വരുന്നുണ്ടോയെന്ന് ഉറപ്പിക്കാൻ വി.എസ്.എസ്.സിയിൽ നിന്ന് വീണ്ടും വീണ്ടും വിളിച്ചു കൊണ്ടിരുന്നു. തുമ്പയിലെ ഇക്വറ്റോറിയൽ റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷനിൽ നിന്ന് പരീക്ഷണ സൗണ്ടിംഗ് റോക്കറ്റ് വിക്ഷേപിക്കുന്നത് കാണാൻ അദ്ദേഹത്തിന് അതിയായ താത്പര്യമുണ്ടായിരുന്നു. വി.എസ്.എസ്. സിയിലെ ശാസ്ത്ര സാങ്കേതിക മ്യൂസിയവും റോക്കറ്റ് നിർമ്മാണ സംവിധാനങ്ങളും അദ്ദേഹത്തിൽ നേരത്തേ തന്നെ കൗതുകം ഉണർത്തിയിരുന്നു.

വളരെ സൗമ്യനായും വാർത്തകളുടെ ലോകത്ത് നിർമ്മമനായും നടക്കുന്ന, രവിസാർ എന്ന് ഞങ്ങളെല്ലാം സ്നേഹത്തോടെ വിളിക്കുന്ന അദ്ദേഹത്തിന് ശാസ്ത്രത്തോടും സാങ്കേതിക വിദ്യകളോടുമുള്ള താത്പര്യം അറിഞ്ഞപ്പോൾ ശാസ്ത്ര ലേഖകൻ എന്ന നിലയിൽ സന്തോഷം തോന്നി. നിർഭാഗ്യവശാൽ തുമ്പയിൽ പോകാനും സൗണ്ടിംഗ് റോക്കറ്റ് വിക്ഷേപണം കാണാനും അദ്ദേഹത്തിന് കഴിഞ്ഞില്ല. എറണാകുളത്ത് നിന്ന് മടങ്ങി വരുമ്പോൾ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നു. അദ്ദേഹത്തിന് താത്പര്യമുണ്ടെങ്കിൽ പ്രത്യേക സൗകര്യമൊരുക്കാമെന്ന് വി.എസ്. എസ്.സി അധികൃതർ പറഞ്ഞെങ്കിലും തിരക്ക് മൂലം അതിനായില്ല.

സാങ്കേതിക വിദ്യകളും അവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അദ്ദേഹത്തിന് പ്രിയപ്പെട്ടതായിരുന്നുവെന്ന് സംസാരിച്ചപ്പോഴൊക്കെ മനസിലായിട്ടുണ്ട്. കമ്പ്യൂട്ടറുകൾ, ഐ. ടി. രംഗത്തെ പുതിയ മാറ്റങ്ങൾ ഇതെല്ലാം അദ്ദേഹം ആവേശത്തോടെയാണ് നോക്കികണ്ടത്. ബാംഗ്ലൂരിലെ കേരളകൗമുദി ഓഫീസിൽ വരുമ്പോഴെല്ലാം, അവിടെ വന്നിരുന്ന ഐ. ടി. എൻജിനിയർമാരോട് അദ്ദേഹം ദീർഘനേരം സംസാരിച്ചിരുന്നു. ശാസ്ത്രത്തെ ഇഷ്ടപ്പെട്ടിരുന്ന രവിസാർ ശരിക്കും വ്യത്യസ്തനായിരുന്നു.

ഗുരുകുലം സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ അന്തിമോപചാരമർപ്പിക്കുന്നു

ഉയരങ്ങളിലേക്ക് നയിച്ചു: കെ.സി. വേണുഗോപാൽ

ആലപ്പുഴ: പത്രപ്രവർത്തന മേഖലയിൽ കേരളകൗമുദിയുടെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് സ്ഥാപനത്തെ ആധുനിക വത്കരിക്കാനും ഉയരങ്ങളിലേക്ക് നയിക്കാനും എം.എസ്. രവി വഹിച്ച പങ്ക് ചരിത്രത്തിന്റെ ഭാഗമാണെന്ന് കെ.സി. വേണുഗോപാൽ എം.പി അനുശോചന സന്ദേശത്തിൽ പറഞ്ഞു. മാദ്ധ്യമ രംഗത്ത് സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ നിലപാടുകളും നിഷ്പക്ഷവും സുതാര്യവുമായ പത്രപ്രവർത്തന ശൈലിയും കേരളകൗമുദി മുറുകെ പിടിച്ചതിനു പിന്നിൽ അദ്ദേഹത്തിന്റെ ശക്തമായ സ്വാധീനമുണ്ട്. സ്ഥാപനത്തിന്റെ വൈവിദ്ധ്യവത്കരണത്തിന് ചുക്കാൻ പിടിച്ച എം. എസ്. രവിയുടെ നേതൃത്വത്തിൽ കേരളകൗമുദിക്ക് ഒട്ടേറെ ഉയരങ്ങൾ താണ്ടാനായെന്ന് വേണുഗോപാൽ പറഞ്ഞു.

ഗൗരിഅമ്മ

കേരളകൗമുദി ചീഫ് എഡിറ്റർ എം.എസ്. രവിയുടെ നിര്യാണത്തിൽ ജെ.എസ്.എസ് ജനറൽ സെക്രട്ടറി കെ. ആർ. ഗൗരിഅമ്മ അനുശോചിച്ചു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും അനുശോചന സന്ദേശത്തിൽ ഗൗരിഅമ്മ പറഞ്ഞു.

കൊടിക്കുന്നിൽ

മലയാള പത്രപ്രവർത്തന രംഗത്ത് ഏറെ സംഭാവനകൾ നൽകിയ എം.എസ്. രവിയുടെ വേർപാട് തീരാനഷ്ടമാണെന്ന് കൊടിക്കുന്നിൽ സുരേഷ് എം.പി അനുശോചന സന്ദേശത്തിൽ പറഞ്ഞു. സാമൂഹ്യ, സാംസ്കാരിക, ജീവകാരുണ്യ മേഖലകളിൽ സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹം.

കെ.എം. മാണി

എം.എസ്. രവിയുടെ മരണത്തോടെ തനിക്ക് നഷ്ടമായത് ഒരു നല്ല സുഹൃത്തിനെയാണ്. പത്രാധിപരുടെ കുടുംബത്തിലെ സൗമ്യ സാന്നിദ്ധ്യമായിരുന്ന രവി. പതിറ്റാണ്ടുകളായി തുടരുന്ന ബന്ധമാണ് പത്രാധിപരുടെ കുടുംബവുമായി എനിക്കുള്ളത്. പത്രപ്രവർത്തന രംഗത്തും പത്ര മാനേജ്മെന്റ് രംഗത്തും രവിയുടെ സംഭാവനകൾ ചരിത്രം ഓർക്കും.

വി.എസ്. ശിവകുമാർ

പത്രാധിപർ കെ. സുകുമാരന്റെ പാത പിന്തുടർന്നുകൊണ്ട് പത്രപ്രവർത്തനരംഗത്ത് മാതൃകയാകാൻ കഴിഞ്ഞ വ്യക്തിത്വമായിരുന്നു എം.എസ്.രവി. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന അദ്ദേഹം ജനപ്രതിനിധിയെന്ന നിലയിൽ എനിക്കൊരു മാർഗദർശിയുമായിരുന്നു. തലസ്ഥാന നഗരിയുടെ വികസനത്തിന് എപ്പോഴും തത്പരനായിരുന്നു അദ്ദേഹം.

വി.മുരളീധരൻ എം.പി

എം.എസ്. രവിയുടെ വിയോഗം മലയാള പത്രപ്രവർത്തന മേഖലയ്ക്കും കേരളകൗമുദിക്കും തീരാനഷ്ടമാണ്. സി.വി. കുഞ്ഞുരാമന്റെ കൊച്ചുമകനെന്ന നിലയിലും കേരളകൗമുദി സ്ഥാപക പത്രാധിപർ കെ.സുകുമാരന്റെ ഇളയ പുത്രനെന്ന നിലയിലും പത്രപ്രവർത്തനത്തോടുള്ള ആഭിമുഖ്യം എം.എസ്. രവിക്ക് രക്തത്തിലലിഞ്ഞു ചേർന്നതാണ്. അതോടൊപ്പം ലയൺസ് ക്ലബ് തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ സാമൂഹ്യ സാംസ്കാരിക രംഗത്തും എം.എസ്. രവി സജീവമായിരുന്നു.

മുകേഷ് എം. എൽ.എ

കൊല്ലം: കേരളകൗമുദി മുഖ്യപത്രാധിപർ എം.എസ്. രവിയുടെ നിര്യാണത്തിൽ എം. മുകേഷ് എം.എൽ.എ അനുശോചനം രേഖപ്പെടുത്തി. പത്രപ്രവർത്തന രംഗത്ത് മൂല്യാധിഷ്ഠിതവും മാതൃകാപരവുമായി പ്രവർത്തിച്ചിരുന്ന രവിയുടെ വിയോഗം മാദ്ധ്യമ രംഗത്തിന് തീരാനഷ്ടമാണെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും അദ്ദേഹം അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മേയർ വി.കെ. പ്രശാന്ത്

ഒരു പത്രാധിപർ എന്ന നിലയിൽ ജനകീയ പ്രശ്നങ്ങളിൽ ധീരമായ നിലപാട് സ്വീകരിച്ചിട്ടുള്ള മഹത് വ്യക്തിത്വമായിരുന്ന എം. എസ്. രവി. മേയർ എന്ന നിലയിൽ ഒരു പ്രത്യേക അടുപ്പവും വാത്സല്യവും നൽകിയതിനോടൊപ്പം ആവശ്യമായ മാർഗനിർദ്ദേശങ്ങളും നൽകിയിരുന്നു. പത്രപ്രവർത്തനമേഖലയിൽ നികത്താൻ കഴിയാത്ത വിടവാണ് അദ്ദേഹത്തിന്റെ വിയോഗം.

പാലോട് രവി

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ സഹപാഠിയായിരുന്നു രവി. വിദ്യാർത്ഥിയായിരുന്ന കാലം മുതൽ ഇന്നുവരെയും സഹോദര ബന്ധമായിരുന്നു പുലർത്തിയിരുന്നത്. വിവിധ മേഖലകളിൽ കർമ്മ ധീരതയോടെ സ്മാരകങ്ങൾ തീർത്ത ശക്തനായ സംഘാടകനായിരുന്ന രവി. ആർജ്ജവവും സേവനതൃഷ്ണയും സമർപ്പണവും ഒത്തുചേർന്ന ചലനാത്മക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം

തുഷാർ വെള്ളാപ്പള്ളി

ശ്രീനാരായണ ഗുരു വിഭാവനം ചെയ്ത സാമൂഹ്യനീതിയെന്ന മഹിതദർശനം യാഥാർത്ഥ്യമാക്കുവാനിറങ്ങിയ എസ്.എൻ.ഡി.പി യോഗത്തിന്റെ മുഖ്യജിഹ്വയെ നയിച്ചത് എം. എസ്. രവിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള 'കേരളകൗമുദി' പത്രം എക്കാലത്തും മർദ്ദിതജാതി ജനവിഭാഗങ്ങളുടെയും ശബ്ദമില്ലാത്തവരുടെയും ശബ്ദമായി മാറി. ഞങ്ങളുടെ താങ്ങും തണലുമായിരുന്നു എം. എസ്. രവി. അദ്ദേഹത്തിന്റെ വേർപാട് സമൂഹത്തിന്റെ തീരാനഷ്ടമാണ്.

സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി

കേരളത്തിലെ പത്രപ്രവർത്തന ചരിത്രത്തിൽ എന്നും മായാത്ത ഒരദ്ധ്യായമായിരിക്കും എം.എസ്. രവി. മാദ്ധ്യമപ്രവർത്തനത്തിലും സാമൂഹ്യസാംസ്കാരിക മേഖലയിലും എം.എസ്.രവി തന്റേതായ പ്രവർത്തനം കാഴ്ചവച്ചിരുന്നു.

ആർ.എസ്. ബാബു

മികച്ച പത്രാധിപരും സാമൂഹിക സാംസ്കാരികരംഗങ്ങളിലെ നിറസാന്നിദ്ധ്യവുമായിരുന്ന എം.എസ്. രവിയുടെ നിര്യാണം മാദ്ധ്യമ സമൂഹത്തിന് കനത്ത നഷ്ടമാണ്. കേരള മീഡിയ അക്കാഡമിയുടെ മുൻ ഭരണ സമിതിയംഗവും മലയാള പത്ര പ്രവർത്തനരംഗത്ത് മികച്ച സംഭാവനകൾ നൽകിയ പത്രാധിപരുമായിരുന്നു.

എം. നൗഷാദ് എം.എൽ.എ

കേരളകൗമുദി മുഖ്യപത്രാധിപർ എം.എസ്. രവിയുടെ ആകസ്മിക നിര്യാണത്തിൽ എം. നൗഷാദ്. എം.എൽ.എ അനുശോചിച്ചു. ജാഗരൂകനായ മാദ്ധ്യമപ്രവർത്തകനും ഉല്പതിഷ്ണുവായ പത്രാധിപരുമായിരുന്നു അദ്ദേഹം. നവോത്ഥാനമുന്നേറ്റങ്ങളുടെ ഉലത്തീയിൽ പിറന്ന കേരളകൗമുദിയെ ദീപ്തമായ പാരമ്പര്യത്തിന്റെയും തീക്ഷ്ണമായ പ്രക്ഷോഭാത്മകതയുടെയും പാളങ്ങളിലൂടെ ഭാവിയിലേക്ക് നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രതിസന്ധിയുടെ നാളുകളിൽ കേരളകൗമുദിക്ക് ഉണർവിന്റെയും ഉയിർപ്പിന്റെയും ഗതിവേഗം പകർന്ന നാവികനായിരുന്നു അദ്ദേഹം.